# പരിസരപഠനം

## ENVIRONMENTAL SCIENCE

# എന്റെ നോട്ട് ബുക്ക്

## പക്ഷികളുടെ കൗതുകലോകം

## WONDER WORLD OF BIRDS

GLPS OLASSA

CLASS 4

## ശരിയായ ഉത്തരം ഉപയോഗിച്ച് പൂരിപ്പിക്കുക

FILL THE APPROPRIATE WORD IN THE BLANKS

1. നമ്മുടെ പരിസരം ശുചിയായി സൂക്ഷിക്കാൻ സഹായിക്കുന്ന പക്ഷിയാണ് കാക്ക

   The bird which helps us to keep our surroundings clean is Crow.

2. കൂടുണ്ടാക്കാത്തതും കുഞ്ഞുങ്ങളെ പരിചരിക്കാത്തതുമായ പക്ഷിയാണ് കുയിൽ

   The cuckoo does not build a nest or look after its young ones.

3. കാക്ക തന്റെ കൂടുണ്ടാക്കുന്നത് മരച്ചില്ലകളിലാണ്

   The crow builds its nest on the tree branches.

4. പക്ഷികളെക്കുറിച്ചുള്ള പഠനമാണ് ഓർണിത്തോളജി

   The study of birds is called Ornithology

5. കേരളത്തിന്റെ സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ

   The state bird of Kerala is Great Indian hornbill

6. ഒരുദേശത്തുനിന്നും മറ്റൊരുദേശത്തേക്ക് ദീർഘദൂരം സഞ്ചരിച്ചെത്തുന്ന പക്ഷികളാണ് ദേശാടന പക്ഷികൾ

   Birds that fly long distance from one place to another are called migratory birds

7. ഏറ്റവും കൂടുതൽ ദൂരം  ദേശാടനം നടത്തുന്ന പക്ഷിയാണ് ആർട്ടിക് ടേൺ.

The longest traveling migrating bird is Arctic Tern.

8. കാക്കയുടെ കൂട്ടിൽ മുട്ടയിടുന്ന പക്ഷിയാണ് കുയിൽ

The bird which lays eggs in the crow's nest is the cuckoo.

9. ദേശാടനപ്പക്ഷികൾക്ക് ഉദാഹരണമാണ് മഞ്ഞക്കിളികൾ

Golden oriole is an example of a migratory bird

10. ' ഇന്ത്യയുടെ പക്ഷിമനുഷ്യൻ ' എന്നറിയപ്പെടുന്ന വ്യക്തിയാണ് ഡോ .സാലിം അലി

‘ The Bird man of India ’ is Dr.Salim Ali

11. പറക്കാൻ കഴിയാത്ത പക്ഷിയാണ് ഒട്ടകപക്ഷി

Ostrich is a  bird which cannot fly.

12. മൂങ്ങയും പരുന്തും എലികൾ പെരുകുന്നത് തടയുന്നു

The owl and the eagle prevent the increase of Rats

13. പിന്നോട്ട് പറക്കാൻ കഴിവുള്ള പക്ഷിയാണ് തേൻകുരുവി

The bird that can fly backwards is Humming bird

14. ഏറ്റവും വലിയ കൂടൊരുക്കുന്ന പക്ഷിയാണ് വീവർ

The bird that can build the biggest nest is Weaver

# ഉത്തരമെഴുതുക
ANSWER THE FOLLOWING

1. **നിങ്ങളുടെ ചുറ്റുവട്ടത്ത് കാണുന്ന പക്ഷികളുടെ പേരെഴുതുക .**

**WRITE THE NAMES OF SOME BIRDS IN YOUR LOCALITY.**

കാക്ക , തത്ത , മൈന , മരംകൊത്തി ,പൊൻമാൻ, കുരുവി , കൊക്ക് , പ്രാവ്

Crow, Parrot, Mynah, Woodpecker, Kingfisher, Sparrow, Crane, Pigeon.

2. **പക്ഷികളുടെ പൊതു സവിശേഷതകൾ എന്തെല്ലാം ?**

**WHAT ARE THE COMMON CHARACTERISTICS OF BIRDS?**

ശരീരത്തിൽ തൂവലുകൾ ഉണ്ട് . പക്ഷികൾ മുട്ടയിടുന്ന ജീവിയാണ് . ചിറക് , വാൽ , കൊക്ക് എന്നിവയുണ്ട് . ശബ്ദംകൊണ്ട് പല പക്ഷികളേയും തിരിച്ചറിയാം . മിക്ക പക്ഷികൾക്കും പറക്കാൻ സാധിക്കും . പക്ഷികൾക്ക് രണ്ടു കാലുകളുണ്ട് ഇവ ഇരതേടാൻ സഹായകമാകുന്നു . മുട്ടയിടാൻ പക്ഷികൾ കൂടുണ്ടാക്കുന്നു . പക്ഷികൾ ഇരതേടുന്നു . കുഞ്ഞുങ്ങൾക്ക് തീറ്റ നൽകുന്നു . മരക്കൊമ്പിലിരുന്ന് ഉറങ്ങാൻ സാധിക്കുന്നു .

They have feathers in their body. Birds lay eggs. They have wings, tail and beak. It is easy to identify many birds from their sounds. Most birds can fly. Birds have two legs which help them to catch prey. Birds build nests to lay eggs. Birds prey and feed the young ones. They can perch on the branches of trees and sleep.

3. **പറക്കാൻ സാധിക്കാത്ത പക്ഷികൾക്ക് ഉദാഹരണം എഴുതുക.**

**WRITE EXAMPLES FOR FLIGHTLESS BIRDS.**

ഒട്ടകപ്പക്ഷി, എമു , പെൻഗ്വിൻ ,കിവി, ഡോഡോ

Ostrich ,Emu,penguin,kiwi,Dodo






# 4 പറക്കാൻ സാധിക്കാത്ത പക്ഷികളെക്കുറിച്ച് കുറിപ്പ് തയാറാക്കുക
## WRITE A SHORT NOTE ON FLIGHTLESS BIRDS

പരിണാമത്തിലൂടെ പറക്കാനുള്ള കഴിവ് നഷ്ടപ്പെട്ട പക്ഷികളാണ് പറക്കാത്ത പക്ഷികൾ. ഇവയുടെ ചിറകിലുള്ള അസ്ഥികൾ ചെറുതായിരിക്കും. ചിറകുകളുടെ ചലനത്തിന് ആവശ്യമായ പേശികൾക്ക് ബലം കുറവായിരിക്കും. പറക്കുന്ന പക്ഷികൾക്ക് പൊള്ളയായ എല്ലുകളും ഇളം അസ്ഥികൂടവുമായിരിക്കും ഉണ്ടാവുക. എന്നാൽ പറക്കാൻ കഴിയാത്ത പക്ഷികൾക്ക് ബലമേറിയ അസ്ഥികൂടവും എല്ലുകളുമാണുള്ളത്. ഒട്ടകപ്പക്ഷിയെപ്പോലെ ചിലരുടെ കാലുകൾ ബലമേറിയതാണ്. ചിലരുടെ കാലുകൾ നീന്താൻ സഹായിക്കും. ദ്വീപുകളിലും ആൾപാർപ്പില്ലാത്ത സ്ഥലങ്ങളിലുമാണ് പ്രധാനമായും പറക്കാൻ കഴിയാത്ത പക്ഷികളെ കാണാൻ സാധിക്കുന്നത്.


**Flightless birds are birds that have lost the ability to fly through evolution. The muscles needed for the movement of the wings have less strength. Flying birds have hollow bones and young skeletons but Flightless birds have strong skeletons and bones. Some have legs as strong as an ostrich. Some of them have legs which help them to swim. Flightless birds are mainly found on islands and uninhabited areas.**


ഡോഡോ


കിവി


എമു


ഒട്ടകപ്പക്ഷി


പെൻഗ്വിൻ

5. **പക്ഷികൾ എവിടെയെല്ലാമാണ് കൂടൊരുക്കുന്നത്** ?

**WHERE DO BIRDS BUILD NESTS?**

മരച്ചില്ലകളിൽ,മരപ്പൊത്തിൽ,മാളത്തിൽ,കെട്ടിടത്തിൽ, മുളങ്കൂട്ടത്തിൽ,ഇലമടക്കുകളിൽ,പാറയിടുക്കുകളിൽ,ജലോപരിതലങ്ങളിൽ.


In the hollows of tree trunks, In between the branches of trees, on the buildings , Among bamboo thickets, In burrows among the crevices of rocks, Pits made on ground, On floating twigs, Among the litter lying on the floor.

6. **എന്തെല്ലാം ഉപയോഗിച്ചാണ് പക്ഷികൾ കൂടൊരുക്കുന്നത്** ?

**WHAT MATERIALS DO BIRDS USE TO BUILD THEIR NESTS ?**

നാരുകൾ , ഉണങ്ങിയ കമ്പുകൾ , ഇലകൾ, തുണിക്കഷ്ണങ്ങൾ ,തൂവലുകൾ ,മണ്ണ്

Fiber, dry twigs , Leaves, Pieces of cloth , Feathers and soil.





**7. എന്തിനുവേണ്ടിയാണ് പക്ഷികൾ കൂടുണ്ടാക്കുന്നത് ?**

**WHY DO BIRDS MAKE NESTS?**

മുട്ടയിടാനും ,കുഞ്ഞുങ്ങളെ പരിപാലിക്കുവാനും, ശത്രുക്കളിൽനിന്ന് രക്ഷനേടാനും,കാലാവസ്ഥാ വ്യതിയാനങ്ങളിൽനിന്ന് സംരക്ഷണം ലഭിക്കാനുമാണ് പക്ഷികൾ കൂടുണ്ടാക്കുന്നത്.

Birds build nests in order to lay eggs, to rear the chicks and for protecting themselves from enemies and from changes in the climate.

**8. കൂടുണ്ടാക്കാത്ത പക്ഷിയുണ്ടോ ? അവ മുട്ടയിടുന്നത് എവിടെയാണ് ?**

**DO ALL BIRDS MAKE NESTS? IF NOT, WHERE DO THEY LAY EGGS ?**

സ്വന്തമായി കൂടുണ്ടാക്കാത്തതും കുഞ്ഞുങ്ങളെ വളർത്താത്തതുമായ ഒരു പക്ഷിയാണ് കുയിൽ. കാക്കയുടെ കൂട്ടിലാണ് കുയിൽ മുട്ടയിടുന്നത് . മറ്റു ചില പക്ഷികളും കൂടുണ്ടാക്കാറില്ല . അവ പക്ഷികൾ ഉപേക്ഷിച്ചുപോയ കൂട്ടിൽ മുട്ടയിടും

The cuckoo is a bird which does not build nests and rear young ones on its own,They lay eggs in the nests of Crow.  There are also a few birds which do not make their own nests. They use nests abandoned by other birds to lay eggs.



9

CLICK HERE



# മലമുഴക്കി വേഴാമ്പൽ

## GREAT HORNBILL

കേരളത്തിന്റെയും അരുണാചൽ പ്രദേശിന്റെയും സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ . മലകളിൽ പ്രതിധ്വനിക്കുമാറുള്ള ശബ്ദവും ഹെലികോപ്റ്ററിനോട് സമാനമായ ചിറകടിയൊച്ചയുമാണ് ഇവയ്ക്ക് മലമുഴക്കി എന്ന പേര് സമ്മാനിച്ചത്. ഇവ വംശംനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന പക്ഷി വിഭാഗമാണ്. ഈ പക്ഷിയുടെ ആയുസ്സ് ഏകദേശം 50 വർഷമാണ്. കേരളത്തിലെ നെല്ലിയാമ്പതി , അതിരപ്പിള്ളി - വാഴച്ചാൽ , ചെന്തുരുണി കാടുകളിലും മലമുഴക്കി വേഴാമ്പലിനെ കാണാറുണ്ട്. മറ്റ് പക്ഷികളിൽനിന്നും വ്യത്യസ്തമായി വേഴാമ്പലിന് ജീവിതാവസാനം വരെ ഒരു ഇണമാത്രമേ ഉണ്ടാവുകയുള്ളൂ. കൂട്ടിനുള്ളിലെ കുഞ്ഞുങ്ങൾക്കും അമ്മയ്ക്കും തീറ്റതേടി അലഞ്ഞ് അവ പകർന്നുകൊടുക്കുകയാണ് ആണിന്റെ ജോലി. ചുരുങ്ങിയത് 50 അടിയെങ്കിലും ഉയരത്തിലുള്ള വൃക്ഷത്തിലാണ് കൂടുകൾ. പല വൃക്ഷങ്ങളുടേയും വിത്തുകൾ വിതരണം ചെയ്യുന്നതുകൊണ്ട് " കാട്ടിലെ കർഷകൻ" എന്ന പേരും വേഴാമ്പലിനുണ്ട്.

The great hornbill is the state bird of Kerala and Arunachal Pradesh. They are nicknamed 'Malamuzhakki' because of their echoing sound and the strong wings of a helicopter flying. These are endangered bird species. The lifespan of this bird is about 50 years. The hornbill is also found in the forests of Nelliampathi, Athirappilly-Vazhachal and Chenthuruni in Kerala.Unlike other birds, hornbills have only one mate for the rest of their lives. The male's job is to roam in search of food for the babies and the mother. The nests are in a tree of at least 50 feet high. The hornbill is also known as the " farmer in the forest " because it distributes the seeds of many trees.








# ദേശാടനപക്ഷികൾ

## MIGRATORY BIRDS

ഭക്ഷണം , പ്രജനനം , പ്രതികൂല കാലാവസ്ഥയിൽ നിന്ന് രക്ഷനേടൽ എന്നിവയ്ക്കായി ചിലയിനം പക്ഷികൾ കൂട്ടത്തോടെ ഒരു സ്ഥലത്തു നിന്നു ദൂരദേശത്തേക്കും അവിടെ നിന്ന് തിരിച്ചും സഞ്ചരിക്കും . ഇത്തരം പക്ഷികളാണ് ദേശാടനപ്പക്ഷികൾ . ഏറ്റവും കൂടുതൽ ദൂരം ദേശാടനം നടത്തുന്ന പക്ഷി വിഭാഗമാണ് ആർട്ടിക് ടേണുകൾ. ഏകദേശം *17600* കിലോമീറ്ററോളം ദൂരം ഇവ സഞ്ചരിക്കാറുണ്ട്. പകൽ സൂര്യനെയും രാത്രികാലങ്ങളിൽ നക്ഷത്രങ്ങളേയുമാണ് ദിശ അറിയുന്നതിനായി ഇവ ഉപയോഗിക്കുന്നത്. നാഗമോഹൻ , വാലുകുലുക്കിപ്പക്ഷി, മണൽ പുള്ളുകൾ , മഞ്ഞക്കിളി എന്നിവർ നമ്മുടെ രാജ്യത്തുതന്നെ ദേശാടനം നടത്തുന്നവയാണ്.

Some birds come from far off places in certain seasons. They are visitors who come from far off places. But they return before the monsoon in our country. They move from one place to another for food, reproduction and to overcome bad weather. They are known as migratory birds. Arctic terns are the longest-migrating bird species, covering a distance of about *17,600* km. They are used to guide the sun during the day and the stars at night. Nagamohans, tailed birds, sand dunes and yellow parrots are some of the migratory birds in our country.





11. ഇരപിടിക്കുന്നതിനും സഞ്ചരിക്കുന്നതിനും സഹായിക്കുന്ന എന്തെല്ലാം ശാരീരിക പ്രത്യേകതകളാണ് പക്ഷികൾക്കുള്ളത് ? ആകൃതി , വലുപ്പം , കാലുകൾ , ചിറകുകൾ തുടങ്ങിയവ സഞ്ചാരത്തിന് എങ്ങനെ സഹായിക്കുന്നു ?

**WHAT ARE THE PHYSICAL FEATURES WHICH ENABLE THE BIRDS TO MOVE AND TO CATCH PREY? (HOW DO SHAPE, SIZE, LEGS, WINGS ETC., HELP BIRDS TO FLY?)**

- വെള്ളത്തിൽ ഇറങ്ങി ഇരതേടുന്ന പക്ഷികൾക്ക് നീളമേറിയ കാലുകളും കൊക്കുമുണ്ട് . ഉദാഹരണം - കൊക്ക് (കൊറ്റി)
- The water-wading birds have long legs and beaks eg: Crane.
- പറന്നുനിന്നുകൊണ്ട് പൂക്കളിലെ തേൻ കുടിക്കാൻ സാധിക്കുന്ന പക്ഷികൾക്ക് നീണ്ടുവളഞ്ഞ ചുണ്ട് . ഉദാഹരണം - തേൻ കുരുവി
- Birds that can suck nectar from the flowers have long and curved beaks eg: Humming bird.
- മരക്കൊമ്പിലിരുന്ന് പഴങ്ങളും മറ്റും കൊത്തിത്തിന്നാൻ വളഞ്ഞതും കൂർത്തതുമായ ചുണ്ട് . ഉദാഹരണം - തത്ത
- There are birds that have curved and sharp beaks to help them eat fruits while perching on the branches of trees. eg: Parrot.
- വളരെ ഉയരത്തിൽ പറക്കുന്ന പക്ഷികളുടെ ചിറകുകൾ നീളം കൂടിയവയും കണ്ണുകൾ കാഴ്ചശക്തിയേറിയതുമായിരിക്കും . ഉദാഹരണം - പരുന്ത്
- Birds that fly very high in the air have longer wings and sharp vision, e.g.: Eagle

12. ആഹാരസമ്പാദനത്തിന് പരുന്തിനെ സഹായിക്കുന്ന ശാരീരിക പ്രത്യേകതകൾ എന്തെല്ലാം ?

**WHAT ARE THE PECULIARITIES OF EAGLE THAT HELP IT TO CATCH PREY?**

- മൂർച്ചയുള്ളതും ബലമേറിയതുമായ വളഞ്ഞ ചുണ്ട് ഉപയോഗിച്ച് ഇരയെ കീറിമുറിക്കാൻ സാധിക്കുന്നു.

  It has a strong sharp and hooked beak which helps to tear the flesh of prey.



- വളരെ ബലമുള്ള കാലുകളുണ്ട്.

  Its legs are very strong.

- കാലിലെ നഖങ്ങൾ വളഞ്ഞതും മൂർച്ചയേറിയതുമാണ്. ഇതുപയോഗിച്ച് ഇരയെ തൂക്കിയെടുക്കാനും തന്റെ നിയന്ത്രണത്തിലാക്കാനും സാധിക്കുന്നു.

  It has sharp curved claws. They help to hold the prey and keep it under control.

- നീളമുള്ളതും ബലമേറിയതുമായ ചിറകുകൾ ഉപയോഗിച്ച് ഇരയുമായി വളരെ ഉയരത്തിൽ പറക്കാൻ സാധിക്കുന്നു.

  It has long and strong wings to fly high carrying the prey.

- ഉയർന്ന കാഴ്ചശക്തി ഉള്ളതിനാൽ വളരെ താഴെയുള്ള ഇരയെ പ്പോലും അനായാസം കണ്ടെത്താൻ സാധിക്കുന്നു.

  They have sharp eyesight. It helps them to see the prey easily.

**13. ചുണ്ടും കാലുകളും പക്ഷികൾക്ക് ആഹാരസമ്പാദനത്തിന് എങ്ങനെ സഹായകമാകുന്നു ?**

**HOW BEAKS AND LEGS HELP BIRDS IN GATHERING FOOD ?**

- താറാവിന്റെ പരന്ന കൊക്കിന്റെ വശങ്ങൾ അരിപ്പപോലെയാണ്. അതിനാൽ വെള്ളത്തിൽനിന്ന് ആഹാരം സമ്പാദിക്കുമ്പോൾ ഉള്ളിൽ കടക്കുന്ന വെള്ളം അതിന്റെ വശങ്ങളിലൂടെ പുറത്തുകളയാം

- The flat beaks of ducks have sieves on both the margins. While it catches prey ,the water that enters can be expelled through its sides.

- ചർമ്മബന്ധിതമായ കാലുകൾ വെള്ളത്തിൽ നീന്താൻ സഹായിക്കുന്നു .

- The webbed feet of Duck help them swim in water.

- കഴുകന്റെയും പരുന്തിന്റെയും വളഞ്ഞ കൊക്കുകൾ ഇരയെ കൊത്തിക്കൊണ്ടു പറക്കാൻ സഹായിക്കുന്നു . അവയുടെ ശക്തമായ പാദങ്ങളിലെ നീണ്ടുവളഞ്ഞ നഖങ്ങളിൽ ഇരയെ കോർത്തെടുത്ത് പറക്കാൻ സഹായിക്കും .


- The curved beaks of vulture and kite help them to catch the prey and fly away quickly . Vulture and kite have strong feet, long and curved claws that allow them to fly away holding the prey to far off places.



- നീണ്ട കാലുകളുള്ളതിനാൽ കൊക്കിന് വെള്ളത്തിൽ ഇറങ്ങിനിന്ന് നീളമുള്ള കൊക്കുപയോഗിച്ച് ഇരയെ പിടിക്കാം .

- The long limbs of the Crane help it to step into the water and catch its prey by using its long beak.



# ശാരീരിക പ്രത്യേകതകളും അനുകൂലനങ്ങളും
## PHYSICAL FEATURES AND ADAPTATIONS

| പക്ഷികൾ | ശാരീരിക പ്രത്യേകതകൾ | അനുകൂലനം |
|---|---|---|
| വാൾ കൊക്ക്<br>Curlew<br> | നീണ്ട വളഞ്ഞ കൊക്കുകൾ<br><br>Long and down curved beak. | • ജലാശയതീരങ്ങളിലെ മണൽ, ചെളി എന്നിവയിൽനിന്ന് മാളങ്ങളിൽ ഓടിയൊളിക്കുന്ന ചെറുജീവികളെപ്പോലും കൊക്ക് ഉപയോഗിച്ച് കൊത്തിയെടുക്കാൻ കഴിയുന്നു<br>• Its beak help to catch worms and other deep-burrowing prey |
| തേൻ കുരുവി<br>Humming bird<br> | ചെറിയ കുഴൽ ആകൃതിയിൽ നീണ്ട വളഞ്ഞ കൊക്ക്<br><br>Long narrow and tube like beak. | • പൂക്കളിൽനിന്ന് തേൻ കുടിക്കാൻ അനുയോജ്യമായ കൊക്ക്.<br>• വായുവിൽ പറന്നു നിൽക്കാൻ കഴിയുന്നു<br>• It helps them to feed on nectar from flowers.<br>• It can fly and stand in the air |
| കാട്ടുതാറാവ്<br>Wild duck<br> | പറക്കുന്നതിന് അനുയോജ്യമായ ശരീരാകൃതി. നീണ്ട പരന്ന ചിറകുകൾ.<br><br>Body shape suitable for flying. Long flat wings. | • ഇരുവശവുമുള്ള കൂർത്ത ശരീരാകൃതി വായുവിലൂടെ വേഗത്തിൽ നീങ്ങാൻ സഹായിക്കും.<br>• പറക്കുമ്പോൾ മാത്രം വിരിക്കാൻ കഴിയുന്ന ചിറകുകൾ.<br>• പറക്കുമ്പോൾ കാലുകൾ മടക്കി ഒതുക്കി വയ്ക്കാൻ കഴിയുന്നു.<br><br>• The sharp body shape on both sides allows it to move quickly through the air.<br>• Can spread wings while only flying<br>• The legs can be folded down during flying. |

| | | |
|---|---|---|
| വർണക്കൊക്ക്<br>Pelican<br> | നീണ്ട വലിയ കൊക്കുകൾ<br><br>Long neck and long beak | • വെള്ളത്തിന്റെ ആഴത്തിൽ നിന്ന് പൊലും മീൻപിടിക്കാൻ കഴിയുന്നു. നീളമുള്ള കൊക്കുള്ളതിനാൽ തല വെള്ളത്തിൽ മുക്കാതെ തന്നെ ഇര പിടിക്കാൻ കഴിയുന്നു.<br>• Help to catch fish from under the water without dipping its head in water. |
| താമരക്കോഴി<br>Bronze winged jacana<br> | നീണ്ടകാലുകളും നീണ്ട വിരലുകളും (ഏറ്റവും നീളം കൂടിയ വിരലുകളുള്ള പക്ഷി )<br><br>long leg and very long toes.(It is the bird with the longest toes.) | • ജലനിരപ്പിലെ താമരയിലകളി ൽ ചവിട്ടി നടക്കാൻ സഹായിക്കുന്നു.<br>• It helps to walk on floating leaves. |
| മോതിര തത്ത<br>Rose Ringed Parakeet<br> | മുന്നിലേക്കും പിന്നിലേക്കും വിരലുകൾ. കൂർത്ത വളഞ്ഞ നഖങ്ങൾ.<br><br>Fingers sharpened to the front and back. | • വിരലുകൾ കൂട്ടിച്ചേർത്ത് മരക്കൊമ്പുകളിൽ ബലമായി പിടിച്ചിരിക്കാൻ കഴിയുന്നു. വളഞ്ഞ നഖങ്ങൾ ചരിഞ്ഞ കമ്പിലും വീഴാതെ പിടിച്ചിരി ക്കുവാൻസഹായിക്കുന്നു.മൂർച്ചയു ള്ള ബലമേറിയ ചുണ്ടുകൾ ഉപയോഗിച്ച് വിത്തുകളുടെ കട്ടിയേറിയ പുറംതോടും അനായാസം പൊട്ടിക്കാം .<br>• Help to get grip on the branches. Bent nails help to hold the sloping branches without falling. With sharp and strong beaks it can easily crack the thick crust of the seeds. |

**15. പക്ഷികളെക്കൊണ്ട് പരിസ്ഥിതിക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?**

- **WHAT ARE THE ENVIRONMENTAL BENEFITS OF BIRDS?**
- പക്ഷികൾ നമ്മുടെ ചുറ്റുപാടിനെ മനോഹരമാക്കുന്നു.
- The birds make our environment more attractive and beautiful.
- മൂങ്ങയും പരുന്തും പോലുള്ള ഇരപിടിയന്മാർ എലികൾ പെരുകുന്നത് തടയുന്നു.
- Preying birds like owl and eagle prevent the increase of rats.
- വിത്ത് വിതരണത്തിനും ,പരാഗണത്തിനും സസ്യങ്ങളെ സഹായിക്കുന്നു.
- Help in seed dispersal and pollination.




- കീടങ്ങളെ നിയന്ത്രിക്കാൻ സഹായിക്കുന്നു.
- prevent the multiplication of pests
- കാക്കയും കോഴിയും പോലുള്ള പക്ഷികൾ നമ്മുടെ പരിസരം വൃത്തിയാക്കാൻ സഹായിക്കുന്നു
- Birds like crows and hens help us by keeping our surroundings clean



- പല പക്ഷികളെയും അവയുടെ മുട്ടയും നാം ഭക്ഷണത്തിനായി ഉപയോഗിക്കുന്നു .
- Many birds and their eggs are used as food by us



- അലങ്കാരത്തിനുവേണ്ടി വളർത്തുന്നു .
- We also rear birds in order to enhance aesthetic beauty.



- പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നു.
- Maintains the balance of nature

**16. പരിസ്ഥിതിക്ക് ഏറെ ഗുണം ചെയ്യുന്ന പക്ഷികളുടെ എണ്ണത്തിൽ കുറവു വരാനുള്ള കാരണങ്ങൾ എന്തെല്ലാം ?**

**WHAT ARE THE REASONS FOR THE DECREASING NUMBER OF BIRDS?**

- വർദ്ധിച്ച കീടനാശിനി പ്രയോഗം (Increased use of pesticides)
- വേട്ടയാടൽ (Hunting and Poaching)
- മലിനീകരണം (Pollution)
- ഭക്ഷണത്തിനായുള്ള ഉപയോഗം (Being used as food )
- വനനശീകരണം (Deforestation)
- കാട്ടുതീ (Forest fire)
- കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ (Climate change)
- ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതക്കുറവ് (Lack of availability of food grains)
- ടെലഫോൺ ടവറുകളുടെയും കാറ്റാടിയന്ത്രങ്ങളുടെയും എണ്ണത്തിലെ വർദ്ധനവ് (The recent increase in cell phone towers and wind mills)

**17. പക്ഷികളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനായി നമുക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും?**

**IT IS OUR DUTY TO PROTECT BIRDS. HOW CAN WE DO THAT ?**

വിനോദത്തിനായി പക്ഷികളെ വേട്ടയാടുന്നത് ഒഴിവാക്കുക. വനനശീകരണം അവസാനിപ്പിക്കുക. മലിനീകരണം നിയന്ത്രിക്കുക. പക്ഷികൾക്കും നമ്മെപ്പോലെ ഈ ഭൂമിയിൽ വസിക്കൻ തുല്യ അവകാശം ഉണ്ടെന്ന മനോഭാവം വളർത്തിയെടുക്കുക.പക്ഷികൾക്ക് ഭയമില്ലാതെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കണം.

We should stop hunting the birds for fun. We should control pollution. We should stop deforestation. We should cultivate an attitude in ourselves that the birds have the right to live in this earth just as we do. We should provide an atmosphere where birds can live without fear.

18. അങ്ങാടിക്കുരുവികളുടെ എണ്ണത്തിൽ കുറവുവരാനുള്ള കാരണങ്ങൾ എന്തെല്ലാം ?



**WHAT ARE THE REASONS FOR THE DECREASING NUMBER OF HOUSE SPARROWS?**

- ഓടുമേൽക്കൂരകൾ മാറി കോൺക്രീറ്റ് കെട്ടിടങ്ങൾ വന്നതിനാൽ ഇവയ്ക്ക് കൂടൊരുക്കാൻ സ്ഥലം ലഭിക്കാതായി.
- Concrete buildings as it replaced thatched roofs have reduced resting place for sparrows.
- ആധുനിക ഭക്ഷ്യ സംസ്കരണ രീതികൾ നിലവിൽ വന്നതിനാൽ ധാന്യങ്ങൾ ചോർന്ന് ലഭിക്കാതായി.
- Obtaining foodgrains become meagre with the advent of modern processing methods.
- ഭക്ഷ്യവസ്തുക്കൾ കേടാകാതിരിക്കാനും നിറം നൽകാനും മറ്റുമായി ചേർക്കുന്ന അന്യവസ്തുക്കൾ ഇവയുടെ നാശത്തിന് കാരണമായി.
- The chemicals used for preventing spoilage and colouring of food endangered the birds .
- പരിസ്ഥിതി മലിനീകരണം അങ്ങാടിക്കുരുവികളുടെ വംശവർദ്ധനവിനെ ദോഷകരമായി ബാധിച്ചു.
- Environment pollution adversely affected the breeding of house sparrows.

19. എന്തെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് നാം വീടുകളിൽ പക്ഷികളെ വളർത്തുന്നത് ?

- **WHY DO WE REAR BIRDS IN OUR HOMES?**
- അലങ്കാരത്തിന് ,മുട്ടയ്ക്ക് ,മാംസത്തിന്,വരുമാനത്തിന്,വളത്തിന്, വിനോദത്തിന്
- For fancy, For eggs,For flesh, for income , For fertilizer, For entertainment

# പക്ഷി നിരീക്ഷണക്കുറിപ്പ്

തിയതി : 14-10-2020
സമയം : 9.00 am

**പക്ഷിയുടെ പേര്** : നാട്ടുതത്ത

**കണ്ട സ്ഥലം** : മുറ്റത്തെ പേരമരത്തിൽ

## ശാരീരിക പ്രത്യേകതകൾ

**കൊക്ക്** : മുകൾഭാഗത്ത് ചുവപ്പും കറുപ്പും നിറം

**കാല്** : ഓരോ പാദത്തിലും 4 വിരലുകളുണ്ട് . 2 എണ്ണം പുറകിലേക്കും 2 എണ്ണം മുന്നിലേക്കും .

**നിറം** : പച്ച

**വാൽ** : നീളമുള്ള വാൽ . ഏകദേശം 40 സെ.മീറ്റർ വരും . മുകളിൽ നീല നിറം , അടിയിൽ മഞ്ഞനിറം

**ആഹാരം** : ധാന്യങ്ങൾ ,പഴങ്ങൾ , കായ്കൾ

**സഞ്ചാരം** : കൂട്ടമായി

**ശബ്ദം** : മാധുര്യമുള്ളത്

# A BIRDWATCHER'S NOTE

Date : 14-10-2020
Time : 9.00 am

**NAME OF THE BIRD** : PARROT


**PLACE WHERE IT IS SEEN** : on the Gua tree

## PECULIARITIES

| | |
|---|---|
| **BEAK** | : The upper part of the beak is red in colour and the lower part is black. |
| **LEG** | : Each leg has four claws. Two forwards and two backwards. |
| **COLOUR** | : Green in colour |
| **TAIL** | : It has a long tail with a length of about ***40*** cm . Its upper part is blue and the lower part is yellow. |
| **FOOD** | : Cereals , fruits and seeds. |
| **MODE OF TRAVEL** | : They move in flock and live in communities. |
| **VOICE** | : Sweet |

# കേരളത്തിലെ പക്ഷിസങ്കേതങ്ങൾ

| പക്ഷിസങ്കേതങ്ങൾ<br>BIRD SANCTUARIES | ജില്ല<br>DISTRICTS |
|---|---|
| കുമരകം<br>KUMARAKOM | കോട്ടയം<br>KOTTAYAM |
| തട്ടേക്കാട്<br>THATTEKKAD | എറണാകുളം<br>ERNAKULAM |
| മംഗളവനം<br>MANGALAVANAM | എറണാകുളം<br>ERNAKULAM |
| കടലുണ്ടി<br>KADALUNDI | മലപ്പുറം<br>MALAPPURAM |
| പക്ഷിപാതാളം<br>PAKSHIPATHALAM | വയനാട്<br>WAYANAD |
| അരിപ്പ<br>ARIPPA | തിരുവനന്തപുരം<br>THIRUVANANTHAPURAM |
| ചൂലന്നൂർ<br>CHULANNUR | പാലക്കാട്<br>PALAKKAD |
| പാതിരാമണൽ<br>PATHIRAMANAL | ആലപ്പുഴ<br>ALAPPUZHA |


പക്ഷി നിർമ്മാണം
BIRD MAKING
CLICK / SCAN QR
മുകളിലുള്ള
ഓരോ കിളിയേയും
തൊട്ടുനോക്കൂ...
തയ്യാറാക്കിയത്
രാഹുൽ .റ്റി
ഗവ.എൽ.പി.സ്കൂൾ ,ഒളശ്ശ,കോട്ടയം
9495809114